**ക്രമപ്രശ്നം**

ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ട രേഖകൾ സമർപ്പിക്കാത്തതും ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തതും സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എനിക്ക് രണ്ട് കാര്യങ്ങളാണ് ഉന്നയിക്കാനുള്ളത്. രണ്ട് കാര്യങ്ങളും ധനകാര്യ വകുപ്പുമന്ത്രിയോടായതുകൊണ്ട് ഒരുമിച്ച് സംസാരിക്കാം.

ഒന്നാമത്തെ കാര്യം, ഈ നടപ്പുസമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 30-01-2024-ന് മറുപടി നൽകുന്നതിനായി വിവിധ സാമാജികർ നോട്ടീസ് നൽകിയ നക്ഷത്രചിഹ്നമിടാത്ത 199 ചോദ്യങ്ങളിൽ ഒരെണ്ണത്തിനുപോലും നാളിതുവരെ മറുപടി നൽകിയിട്ടില്ല. സംസ്ഥാനം കടുത്ത ധനപ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ, ഇതുസംബന്ധിച്ച് സർക്കാരിന്റെ പക്കലുള്ള ആധികാരിക വിവരങ്ങൾ നൽകി വസ്തുതകൾ സാമാജികരെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള അവസരമായിരുന്നു അങ്ങേയ്ക്കുണ്ടായിരുന്നത്. മാത്രമല്ല, ബഡ്ജറ്റിന്റെ വിശദമായ ചർച്ചകൾ നടക്കുമ്പോൾ സർക്കാരിന്റെ കയ്യിലുള്ള ഡാറ്റ ചോദ്യത്തിനുള്ള മറുപടിയിലൂടെ

ഞങ്ങൾക്ക് ലഭ്യമാകണ്ടേ? 199 ചോദ്യങ്ങളിൽ ഒരെണ്ണത്തിനുപോലും മറുപടി നൽകിയിട്ടില്ലയെന്നുള്ളത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. റൂൾ 47 (1) അനുസരിച്ച് ചോദ്യങ്ങൾക്ക് മന്ത്രിമാർ സഭയിൽ നൽകുവാനുദ്ദേശിക്കുന്ന മറുപടികൾ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ദിവസത്തിന്റെ തൊട്ടു മുൻപത്തെ ദിവസം വൈകുന്നേരം 5 മണിക്കുമുമ്പായി നിയമസഭാ സെക്രട്ടറിക്ക് കൈമാറേണ്ടതാണെന്ന കാര്യം അങ്ങേയ്ക്കറിയാമല്ലോ. ഇതുസംബന്ധിച്ച റൂളിംഗുകൾ അങ്ങ് ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട സ്പീക്കർമാർ നടത്തിയിട്ടുണ്ട്. ആറ്, ഏഴ്, എട്ട് സമ്മേളനങ്ങളിലെ 600 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകിയിട്ടില്ല. ധനകാര്യ വകുപ്പിൽ ഇതുസംബന്ധിച്ച് യാതൊരു വിവരവുമില്ലേ? ഇത് നിയമസഭയോടുള്ള വ്യക്തമായ അവഹേളനമല്ലേ? ഞങ്ങളുടെ ചോദ്യത്തിന് ഉത്തരം നൽകില്ല, ആ ഡാറ്റാ ഞങ്ങൾക്ക് നൽകില്ല എന്നുപറയുന്നത് എത്ര വലിയ നീതികേടാണ്. ബഹുമാനപ്പെട്ട ചെയർ ഇക്കാര്യത്തിൽ കൃത്യമായ നിലപാട് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

രണ്ടാമത്തെ കാര്യം, ബഡ്ജറ്റ് അവതരണ വേളയിൽത്തന്നെ

പറഞ്ഞതാണ്. FRBM (Fiscal Responsibility and Budget Management) ആക്റ്റ് അനുസരിച്ചുള്ള Medium fiscal term policy സംബന്ധിച്ച ഡോക്യുമെന്റ് സഭയിൽ വച്ചില്ല. ഡോക്യുമെന്റ് വച്ചില്ലെന്ന് അങ്ങേയ്ക്കും അറിയാം, ധനകാര്യ വകുപ്പുമന്ത്രിക്കും അറിയാം. അന്ന് ഞങ്ങൾ വലിയ ബഹളമൊന്നുമുണ്ടാക്കിയില്ല. ഇതെല്ലാം സ്റ്റാറ്റ്യൂട്ടറിയായി ചെയ്യേണ്ട കാര്യങ്ങളാണ്. എന്നാൽ ഡോക്യുമെന്റ് മേശപ്പുറത്തുവച്ചുവെന്ന് അങ്ങ് പറഞ്ഞപ്പോൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചശേഷം ബഹളമുണ്ടാക്കാതെ ഞാനും ഇരുന്നു. കിഫ്ബി ആക്റ്റിലെ സെക്ഷൻ 3 (8) പ്രകാരം കിഫ്ബിയുടെ ധനാഗമമാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും (ഫിഡെലിറ്റി സർട്ടിഫിക്കറ്റ്) ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടതാണ്. അതായത് കിഫ്ബി നിയമത്തിന്റെ സെക്ഷൻ 3(8) (a), (b) എന്നിവയിലെ വ്യവസ്ഥ പ്രകാരമുള്ള മേൽപ്പറഞ്ഞ രേഖകൾ ബഡ്ജറ്റിനോടൊപ്പം സമർപ്പിക്കാതിരുന്നത് നിയമത്തിന്റെ ലംഘനമാണ്. യഥാർത്ഥത്തിൽ FRBM ആക്റ്റിന്റെയും കിഫ്ബി നിയമത്തിന്റെയും വയലേഷനാണ്. ഈ രണ്ട് ഡോക്യുമെന്റുകൾ സമർപ്പിക്കണമെന്നത്

സ്റ്റാറ്റ്യൂട്ടറി ഒബ്ലിഗേഷനാണ്. ഇത് തയ്യാറാക്കുന്ന ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എത്രയോ പ്രാവശ്യം ചെയ്തിട്ടും ഇക്കാര്യമറിയില്ലേ? ഈ രണ്ട് കാര്യവും ചെയ്തില്ല. ഇക്കാര്യം അന്ന് ഞാൻ ഉന്നയിച്ചതുകൊണ്ട് ആവർത്തിച്ചുപറഞ്ഞുവെന്ന് മാത്രമേയുള്ളൂ. പ്രൊവിഷന്റെ വയലേഷനാണ് ചെയ്തിരിക്കുന്നത്.

അറുന്നൂറോളം ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടില്ലെന്നതാണ് അടുത്ത വിഷയം. എന്ത് ഡാറ്റയുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ നിയമസഭയിൽ സംസാരിക്കുന്നത്? ഡാറ്റ കിട്ടേണ്ടത് ഞങ്ങളുടെ അവകാശമല്ലേ? ഒറ്റചോദ്യത്തിനും ഉത്തരമില്ല. ബഹുമാനപ്പെട്ട ചെയർ ഈ വിഷയത്തിൽ ഇടപെടുമെന്ന് ഞാൻ കരുതുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ രണ്ട് കാര്യങ്ങൾക്കും വിശദീകരണം നൽകാം. ഈ നിയമസഭാ സമ്മേളനത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടിയിരുന്നത് 30-01-2024, 13-02-2024 എന്നീ തീയതികളിലാണ്. ഈ ദിവസങ്ങളിൽ മറുപടി നൽകേണ്ട എല്ലാ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെയും മറുപടി

നൽകിയിട്ടുണ്ട്. എന്നാൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് ഇനിയും മറുപടി നൽകാനുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടം ഞാൻ ഉദ്ധരിക്കുന്നില്ല. ചട്ടം 47(2) പ്രകാരം, ചോദ്യങ്ങൾക്കുള്ള മറുപടി പതിനഞ്ച് ദിവസത്തിനുള്ളിൽ നൽകിയാൽ മതിയാകും. ഇവിടെ പ്രസ്തുത ചട്ടത്തിന്റെ പ്രത്യേക പ്രിവിലേജ് എനിക്ക് ആവശ്യമില്ല. ബഡ്ജറ്റിന്റെ സമയമായിരുന്നു എന്ന പ്രായോഗിക പ്രശ്നമുണ്ട്. എന്നാൽ പരമാവധി ചോദ്യങ്ങൾക്കുള്ള മറുപടി ഇപ്പോൾത്തന്നെ നൽകുന്നതാണ്. കഴിഞ്ഞ ദിവസവും മറുപടി നൽകിയിരുന്നു. ചട്ടമനുസരിച്ച്, ചോദ്യങ്ങളുടെ മറുപടി നൽകുന്നതിനുള്ള സമയ പരിധി കഴിഞ്ഞിട്ടില്ല. പതിമൂന്നാം കേരള നിയമസഭയിലേതുൾപ്പെടെയുള്ള വിവിധ സമ്മേളനങ്ങളുടെ നൂറോളം ചോദ്യങ്ങൾക്ക് ഇനിയും മറുപടി നൽകാനുണ്ടെന്നുള്ളതാണ് ഇവിടെ ഉന്നയിച്ച ഒരു കാര്യം. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഇതിൽ വസ്തുതയുണ്ടെങ്കിലും അങ്ങ് പറഞ്ഞ കണക്കിൽ വ്യത്യാസമുണ്ട്. ആ ചോദ്യങ്ങളിലേറെയും വിവിധ വകുപ്പുകളിൽനിന്നും ഇരുപത് വർഷത്തിലധികമായ വിവരങ്ങൾ ശേഖരിച്ച് മറുപടി നൽകേണ്ടവയാണ്. ഇതുകൂടാതെ നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവിധ

പ്രവൃത്തികളുടെ വിവരങ്ങൾ ആരായുന്ന ചോദ്യങ്ങളുമുണ്ട്. ഇത്തരം ചോദ്യങ്ങളിൽ വിവരങ്ങൾ ശേഖരിക്കുന്നതിൽ സ്വാഭാവികമായ കാലതാമസം വരുന്നുണ്ട്. സാധാരണ പ്രക്രിയയെന്ന നിലയിൽ ഒന്നോ രണ്ടോ സഭാ സമ്മേളനങ്ങൾക്ക് മുമ്പുള്ള ചോദ്യങ്ങളുടെ മറുപടി നിലവിൽ നൽകുന്നുണ്ട്. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായി ചുമതലയേറ്റശേഷവും ഇവിടെ ലഭ്യമായ പഴയ ചോദ്യങ്ങൾക്കുള്ള മറുപടി സഭയിൽ നൽകിയിട്ടുണ്ട്. ഇവയെല്ലാം കൂടുതൽ വിവരങ്ങൾ ലഭ്യമാക്കേണ്ട ചോദ്യങ്ങളാണ്. ചോദ്യങ്ങളുടെ മറുപടി വേഗത്തിൽ നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ്.

ഫിഡെലിറ്റി സർട്ടിഫിക്കറ്റിന്റെ കാര്യം ഇവിടെ പറയുകയുണ്ടായി. കിഫ്ബി ആക്ട് പ്രകാരം ഫിഡെലിറ്റി സർട്ടിഫിക്കറ്റ് ബഡ്ജറ്റിനൊപ്പം സഭയിൽ സമർപ്പിച്ചിട്ടില്ല എന്നുള്ളതാണ് അദ്ദേഹം പറഞ്ഞത്. 1999-ലെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ടിലെ സെക്ഷൻ 16 (1), (2) പ്രകാരം കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും എല്ലാ വർഷവും ജൂലൈ മാസത്തിന് മുമ്പായി സർക്കാരിന് സമർപ്പിക്കണമെന്നും റിപ്പോർട്ട് ലഭിച്ചാലുടൻ സർക്കാർ നിയമസഭയ്ക്ക്

മുമ്പാകെ സമർപ്പിക്കണമെന്നും നിഷ്കർഷിക്കുന്നു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (അമെന്റ്മെന്റ്) ആക്ട്, 2016, സെക്ഷൻ 3(8) പ്രകാരം കിഫ്ബിയുടെ വരവ് ചെലവ് കണക്കുകളും ഫിഡെലിറ്റി സർട്ടിഫിക്കറ്റും സർക്കാരിന്റെ വാർഷിക ബഡ്ജറ്റിനോടൊപ്പം നിയമസഭയിൽ സമർപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നു. വാർഷിക റിപ്പോർട്ടുകൾ അതത് സാമ്പത്തിക വർഷം അവസാനിച്ച് ഒൻപത് മാസത്തിനുള്ളിൽ, അതായത് ഡിസംബർ 31-ന് മുമ്പായി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്നും നിർദ്ദിഷ്ട സമയത്തിനുള്ളിൽ വയ്ക്കുവാൻ പരാജയപ്പെടുന്ന പക്ഷം, അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി സഭ മുമ്പാകെ വയ്ക്കേണ്ടതാണെന്നും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ 166 ബി-യിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ കിഫ്ബി ആക്ടനുസരിച്ച്, കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും വരവുചെലവ് കണക്കുകളും ഫിഡെലിറ്റി സർട്ടിഫിക്കറ്റും നിക്ഷേപകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഒന്നിച്ചാണ് നൽകേണ്ടത്. അതിനാൽ ഈ രേഖകളെല്ലാം ഒരുമിച്ച് തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (അമെന്റ്മെന്റ്) ആക്ട്, 2016 സെക്ഷൻ 3(8) പ്രകാരം ബഡ്ജറ്റ്

രേഖകളോടൊപ്പം സമർപ്പിക്കുകയാണ് ചെയ്തുവരുന്നത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ് സർക്കാർ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ, കിഫ്ബിയുടെ വാർഷിക റിപ്പോർട്ട് ഡിസംബർ 31-ന് മുമ്പായി സമർപ്പിക്കാൻ കഴിയാതെ വരുന്നുണ്ട്. ഫിഡെലിറ്റി സർട്ടിഫിക്കറ്റ് സമയബന്ധിതമായി ഏൽപ്പിച്ചിരുന്നു. പക്ഷേ, ഫിഡെലിറ്റി സർട്ടിഫിക്കറ്റും ആന്വൽ റിപ്പോർട്ടും ഒരുമിച്ച് ഒരു ബുക്കിലാണ് പ്രിന്റ് ചെയ്തത്. അതുകൊണ്ട് ഫിഡെലിറ്റി സർട്ടിഫിക്കറ്റ് യഥാസമയം തയ്യാറാക്കി ബഡ്ജറ്റിനൊപ്പം സഭയിൽ സമർപ്പിക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും കിഫ്ബിയുടെ വാർഷിക റിപ്പോർട്ടുകൂടി അതിൽ പ്രിന്റ് ചെയ്തിട്ടുള്ളതുകൊണ്ട് അതുസംബന്ധിച്ച ഭരണപരമായ പ്രൊസീജ്യർ പാലിക്കേണ്ടതുണ്ടായിരുന്നു. അതിനാലാണ് പ്രസ്തുത രേഖകൾ സഭയിൽ വയ്ക്കുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്ന് ലഭ്യമാക്കാത്തത്. സാധാരണഗതിയിൽ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നാണ് സഭയിൽ വയ്ക്കുന്നതിന് രേഖകൾ ലഭ്യമാക്കുന്നത്. ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വാർഷിക റിപ്പോർട്ടും ഫിഡെലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കി യഥാസമയം ലഭ്യമാക്കുന്നതിന്

നടപടി സ്വീകരിക്കുന്നതാണ്. രണ്ട് രേഖകളും ഒരുമിച്ച് പ്രിന്റ് ചെയ്തതുമൂലമുണ്ടായ സാങ്കേതിക പ്രശ്നമാണ് ഇവിടെ വന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് അങ്ങാണ് തീരുമാനമെടുക്കേണ്ടത്. അറുനൂറോളം ചോദ്യങ്ങൾക്കാണ് ഇനിയും മറുപടി ലഭ്യമാകാനുള്ളത്.

മി. സ്പീക്കർ: അതുസംബന്ധിച്ച് പറയാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഈയൊരു പ്രൊവിഷൻ കിഫ്ബി നിയമത്തിൽ കൊണ്ടുവരുന്നതിനായി ഇടപെട്ടൊരാളാണ് ഞാൻ. അതിൽ ഒരു പരമപ്രധാനമായ ലക്ഷ്യമുണ്ട്. കിഫ്ബിയെന്നത് ഒരു എക്സ്ട്രാ ബഡ്ജറ്ററി സംവിധാനമാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് പണമെടുക്കാത്ത ഒരു സ്ഥാപനത്തിന്റെ കാര്യം നിയമസഭാ സ്ക്രൂട്ടിണിയിൽ ഉൾപ്പെടില്ല. ഇക്കാര്യത്തിൽ ഞാൻ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. കാരണം, മോട്ടോർ വെഹിക്കിൾ ടാക്സും പെട്രോൾ സെസും പോകുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നാണ്. എല്ലാ വർഷവും കിട്ടുന്ന തുക നേരെ കിഫ്ബി ഫണ്ടിലേയ്ക്ക് പോകുകയാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഒരു രൂപ ചെലവാക്കിയാൽ ആ തുക നിയമസഭാ സ്ക്രൂട്ടിണിക്ക് വിധേയമാണ്.

ഇക്കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഇത് നിയമസഭാ സ്കൂട്ടിണിയിൽ ഉൾപ്പെടാത്ത സാഹചര്യത്തിലാണ് ബഡ്ജറ്റ് ഡോക്യുമെന്റിനോടൊപ്പം ഈ പ്രധാപ്പെട്ട ഡോക്യുമെന്റുകൂടി വയ്ക്കണമെന്ന് സഭ തീരുമാനമെടുത്തത്. കിഫ്ബിയിൽ എന്താണ് സംഭവിക്കുന്നത്? കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പണം ചെലവാക്കിയിട്ടും അതിന്റെ ചെലവ് എന്താണെന്നും അപ്രോപ്രിയേഷൻ എന്താണെന്നും ഈ സഭ അറിയേണ്ടതല്ലേ? It is the right of the House. അക്കാര്യങ്ങൾപോലും സഭയുടെ മേശപ്പുറത്തുവയ്ക്കുന്നില്ല. അക്കാര്യത്തിൽ വളരെ ബാലിശമായ ന്യായമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയത്. ഈ രണ്ട് കാര്യങ്ങളിലും അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ വിശദീകരിക്കുന്നില്ല. ഫിഡെലിറ്റി സർട്ടിഫിക്കറ്റും കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും പ്രിന്റ് ചെയ്ത ബുക്ക് സഭാ സമ്മേളനം ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇവിടെ ലഭ്യമായിരുന്നു; എല്ലാ അംഗങ്ങൾക്കും അത് ലഭ്യമായിട്ടുണ്ടാകും. രണ്ടുംകൂടി ഒരുമിച്ച് പ്രിന്റ് ചെയ്തതിലുള്ള സാങ്കേതിക പ്രശ്നങ്ങളാണുണ്ടായത്. അടുത്ത തവണ മുതൽ രണ്ടും പ്രത്യേകം പ്രത്യേകമായിത്തന്നെ പ്രിന്റ്

ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളോട് ചെയർ ഒരു കാര്യം സൂചിപ്പിക്കുകയാണ്. വളരെ പ്രധാനപ്പെട്ട റൂളിംഗ് വരുമ്പോൾ പല സാമാജികരും സഭയിലില്ലാത്ത സ്ഥിതിയാണുള്ളത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ വായിച്ചുമാത്രം നടപടിക്രമവും കാര്യനിർവ്വഹണവും മനസ്സിലാക്കാൻ സാധിക്കില്ല. ചില കാര്യങ്ങളിൽ പ്രായോഗിക പരിചയം ആവശ്യമാണ്. ഒരു ചെറിയ ശതമാനം സാമാജികരെങ്കിലും വളരെ ഗൗരവപരമായ ക്രമപ്രശ്നങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ സഭയിൽ ഇല്ലാതിരിക്കുന്നത് അവർക്ക് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് പഠിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുകയാണ്. ഇനിയെങ്കിലും ഇത്തരം കാര്യങ്ങളിൽ സാമാജികർ ശ്രദ്ധിക്കണമെന്ന് ചെയർ ആവശ്യപ്പെടുകയാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3(8) പ്രകാരം സഭയിൽ സമർപ്പിക്കേണ്ട കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങളും വിനിയോഗവും സംബന്ധിച്ച

സ്റ്റേറ്റ്മെന്റും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന്റെ സർട്ടിഫിക്കറ്റും (ഫിഡെലിറ്റി സർട്ടിഫിക്കറ്റ്) ഫെബ്രുവരി 5-ാം തീയതി സഭയിൽ അവതരിപ്പിച്ച 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിനോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണെന്നതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയിൽ ഉന്നയിച്ച ഒരു ക്രമപ്രശ്നം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട നക്ഷത്രചിഹ്നമിടാത്ത നിരവധി ചോദ്യങ്ങൾക്ക് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും ഇത് സഭയോട് കാണിക്കുന്ന അനാദരവാണെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മറ്റൊരു ക്രമപ്രശ്നത്തിലൂടെ ഇവിടെ ആവശ്യപ്പെട്ടത്.

ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ വ്യക്തമായി വിശദീകരിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട രണ്ട് ക്രമപ്രശ്നങ്ങളിലും അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ വളരെ വിശദമായിത്തന്നെ ചെയർ

പരിശോധിക്കുകയുണ്ടായി.

കിഫ്ബിയുടെ ധനാഗമ-വിനിയോഗ സ്റ്റേറ്റ്മെന്റും ഫിഡെലിറ്റി സർട്ടിഫിക്കറ്റും ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കണമെന്നാണ് The Kerala Infrastructure Investment Fund Act-ലെ സെക്ഷൻ 3(8)-ൽ നിഷ്കർഷിക്കുന്നത്.

സഭാനടപടിച്ചട്ടം 166 ബി (3) പ്രകാരം കിഫ്ബിയുടെ 2022-23-ലെ വാർഷിക റിപ്പോർട്ട് 2023 ഡിസംബർ 31-ന് മുമ്പായി സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതായിരുന്നു. അതിനുശേഷമാണ് സഭയിൽ വയ്ക്കുന്നതെങ്കിൽ കാലതാമസം ഉണ്ടായതിനെ സംബന്ധിച്ച ഡിലേ സ്റ്റേറ്റ്മെന്റ് സഹിതമായിരിക്കേണ്ടതാണ്.

കിഫ്ബിയെ സംബന്ധിക്കുന്നതും വ്യത്യസ്ത നിയമവ്യവസ്ഥകൾ പ്രകാരം വ്യത്യസ്ത സന്ദർഭങ്ങളിലും വ്യത്യസ്ത രീതിയിലും സഭയിൽ സമർപ്പിക്കേണ്ട രണ്ട് രേഖകൾ ഒരുമിച്ച് പ്രിന്റ് ചെയ്താണ് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയത്. ഇക്കാര്യം നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ധനകാര്യ വകുപ്പിന് മുൻകൂട്ടി അറിയിപ്പ് നൽകിയിരുന്നെങ്കിലും ഈ അപാകത പരിഹരിക്കുവാൻ യഥാസമയം

നടപടി സ്വീകരിക്കുകയുണ്ടായില്ല. തന്മൂലമാണ് മേൽപ്പറഞ്ഞ രണ്ട് രേഖകളും സഭയിൽ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്നാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ഇനി മേലിൽ കിഫ്ബിയുമായി ബന്ധപ്പെട്ട വാർഷിക റിപ്പോർട്ടും ഫിഡെലിറ്റി സർട്ടിഫിക്കറ്റും പ്രത്യേകം പ്രത്യേകമായി തയ്യാറാക്കി കാലതാമസം കൂടാതെതന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

അതുപോലെ, ബഡ്ജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കേണ്ടിയിരുന്ന ഫിഡെലിറ്റി സർട്ടിഫിക്കറ്റ് നടപ്പുസമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങളുടെ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച വിഷയത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 15-ാം കേരള നിയമസഭയുടെ കഴിഞ്ഞ ഒന്നുമുതൽ 9 വരെയുള്ള സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ട ആകെ 3099 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളിൽ 2943 ചോദ്യങ്ങൾക്ക് ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇനിയും 256 മറുപടികൾ അവശേഷിക്കുന്നതായി കാണുന്നു. അതുപോലെ സഭയുടെ

നടപ്പുസമ്മേളനത്തിൽ ആകെയുള്ള 199 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ ഒന്നിനുപോലും മറുപടി ലഭ്യമാക്കിയിട്ടില്ല എന്നും കാണുന്നു. ചോദ്യങ്ങൾക്കുള്ള മറുപടികൾ നിയമസഭാ സെക്രട്ടേറിയറ്റിന് കൈമാറേണ്ട സമയത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ചട്ടം 47 (1) പ്രകാരം ചോദ്യോത്തര ദിവസത്തിന്റെ തൊട്ടുതലേദിവസം 5 മണിക്ക് മുമ്പായി അവ ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമാണ് ഉപചട്ടം (2)-ൽ പരാമർശിക്കുന്ന 15 ദിവസത്തെ കാലദൈർഘ്യത്തിന് അർഹത വരുന്നത്. ചോദ്യങ്ങൾക്ക് മറുപടി നൽകുന്നതിൽ ഉപചട്ടം (2)-ന്റെ പിൻബലം സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനോട് ചെയർ യോജിക്കുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്നതിനെതിരെ മുൻകാലങ്ങളിൽ ചെയറിൽനിന്നും നിരന്തരം റൂളിംഗ് ഉണ്ടായിട്ടുണ്ട്. അതിന്റെയൊക്കെ ഫലമായി ഇക്കാര്യത്തിൽ ഗുണപരമായ മാറ്റം ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. സഭയുടെ കഴിഞ്ഞ

സമ്മേളനത്തിൽ ബഹുമാനപ്പെട്ട 17 മന്ത്രിമാർ തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽത്തന്നെ മറുപടി നൽകി മാതൃക സൃഷ്ടിച്ചിട്ടുണ്ട്. അതുപോലെ, സഭയുടെ നടപ്പുസമ്മേളനത്തിൽത്തന്നെ 12 ബഹുമാനപ്പെട്ട മന്ത്രിമാർ ഇതിനകം തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കിക്കഴിഞ്ഞു. ഇത്തരത്തിലുള്ള നല്ല മാതൃക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള എല്ലാ മന്ത്രിമാരും സ്വീകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും എത്രയും പെട്ടെന്ന് മറുപടി നൽകണമെന്ന് ചെയർ റൂൾ ചെയ്യുന്നു.